സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:93/2021/ESTA-B

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
16/12/2021

## സർക്കുലർ

**വിഷയം:**- കൊല്ലവർഷം **1197**-**മണ്ഡലം**- മകരവിളക്ക് മഹോൽസവം **ജീവനക്കാരെ വിന്യസിക്കുന്നത് സംബന്ധിച്ച്.**

കൊല്ലവർഷം **1197**-ലെ മണ്ഡലം- മകരവിളക്ക് തീർത്ഥാടനത്തിന്റെ വിജയകരമായ നടത്തിപ്പിന് ചുവടെ പറയുന്ന നിർദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കുകയാണ്.

1. **മണ്ഡലം-മകരവിളക്ക്** പ്രമാണിച്ച് നിലവിൽ ശബരിമലയിൽ വിന്യസിച്ചിരിക്കുന്ന സ്പെഷ്യൽ ഓഫീസർമാർ ഒഴികെയുള്ള ജീവനക്കാരെ **20.01.2022** വരെ തുടരുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.
2. നിലവിൽ ജോലി നോക്കുന്ന പ്രസ്തുത ജീവനക്കാരിൽ ആരെങ്കിലും മടങ്ങിപോകുവാൻ അപേക്ഷ സമർപ്പിച്ചാൽ ആയത് പരിശോധിച്ച് എക്സിക്യൂട്ടീവ് ഓഫീസർക്ക് യുക്തമായ നടപടി സ്വീകരിച്ച് വിവരം ദേവസ്വം കമ്മീഷണർ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. ശബരിമലയുമായി ബന്ധപ്പെട്ട അടിയന്തിര റിപ്പോർട്ടുകളോ, അറിയിപ്പുകളോ ഇ-മെയിൽ മുഖാന്തിരം ദേവസ്വം കമ്മീഷണർ ആഫീസിലേയ്ക്ക് അയക്കുകയാണെങ്കിൽ ആയത് അയച്ച ശേഷം വിവരം ശബരിമല സെക്ഷൻ ക്ളാർക്കിനെയോ/എസ്റ്റാബ്ളിഷ്മെന്റ് വിഭാഗം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെയോ ഫോൺ മുഖേന വിവരം അറിയിക്കുന്നതിന് എക്സിക്യൂട്ടീവ് ആഫീസറെചുമതലപ്പെടുത്തുന്നു.
4. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഇനി ആവശ്യമുള്ള എസ്റ്റാബ്ളിഷ്മെന്റ്, ക്ളാസ് ഫോർ, ഡെയിലി വേജസ് എന്നിവരുടെ

എണ്ണം കണക്കാക്കി മടക്ക തപാലിൽ അറിയിക്കുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ആഫീസറെ ചുമതലപ്പെടുത്തുന്നു.

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **എക്സിക്യൂട്ടീവ് ഓഫീസർ-ശബരിമല**
2. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മാർക്കും**
3. **ഇ.ഡി.പി സെക്ഷൻ , ദേവസ്വം ബോർഡ് ആഫീസ്**
4. **ഫെയർ ആഫീസ് കോപ്പി**

**RA 16/12**